# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2055** **08.03.2018- ൽ മറുപടിക്ക്**

### കൈത്തറി വ്യവസായ മേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.സി.കെ.ശശീന്ദ്രൻ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി വ്യവസായ മേഖലയുടെ പുനരു ദ്ധാരണത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി നെയ്ത്തിനെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം നെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകുന്നതിന് സാധിച്ചു. കൂടാതെ "യുവവീവ്" എന്ന പദ്ധതി പ്രകാരം കൈത്തറി നെയ്ത്ത് മേഖലയിൽ 18-40 വരെ പ്രായമുള്ള യുവതീയുവാക്കളെ കണ്ടെത്തി പരിശീലനം നൽകി നെയ്ത്തുകാരാക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്ക് 390 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാൻ കുടുംബശ്രീയുടെ സഹായത്തോടു കൂടി 20 പേരടങ്ങുന്ന 25 ഗ്രൂപ്പുകളിൽ ആയി പുതിയ 500 പേരെ നെയ്ത്ത് മേഖലയിൽ കൊണ്ടു വരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നെയ്ത്ത് തൊഴിൽ അറിയാവുന്നതും എന്നാൽ നിലവിൽ നെയ്യുവാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ലാത്തതുമായ നെയ്ത്തുകാർക്ക് അവരുടെ വീട്ടിൽ തറിയും അനുബന്ധ ഉപകരണങ്ങളും ഒരുക്കി നൽകി അവരെ തൊഴിലിലേക്ക് ആകർഷിക്കുന്നതിനായി "ഒരു വീട്ടിൽ ഒരു തറി" എന്ന പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ഹാൻ്റക്സ്/ഹാൻവീവ് എന്നിവിടങ്ങളിൽ ഓരോ ഡിസൈൻ സെൻ്ററുകൾ സ്ഥാപിച്ച് ഡിസൈനർമാരുടെ സേവനം ലഭ്യമാക്കി |

കൈത്തറി മേഖലക്ക് ആവശ്യമായ മൂല്യവർദ്ധനവിന് ലക്ഷ്യമിടുന്നു.

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിലേക്ക് വർദ്ധിച്ച് വരുന്ന ആവശ്യം കണക്കിലെടുത്ത് കേടുപാടുകൾ സംഭവിച്ച തറികൾ പ്രവർത്തന ക്ഷമമാക്കുന്നതിന് കേരളാ ആർട്ടി സാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടു ത്തിയിട്ടുണ്ട്.

(ബി) കൈത്തറിയുടെ മൊത്തം ഉല്പാദനമൂല്യം ഉയർത്തുന്നതിനും ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) കൈത്തറി മേഖലയിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയുന്നതിനും, നെയ്ത്ത് തൊഴിലെടുക്കുന്ന വരെ പരമാവധി സഹായിക്കുന്നതിനും, അവർക്ക് ഒരു സ്ഥിരവരുമാനം ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് മൂലം ഏകദേശം 3600 നെയ്ത്തു തൊഴിലാളികളും അതിലിരട്ടി തൊഴിലാളികൾ അനുബന്ധമായും പദ്ധതിയുടെ ഭാഗമാകുകയും കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാകുകയും ചെയ്യുന്നു.

(സി) കേരള കൈത്തറിയുടെ മഹത്തായ പാരമ്പര്യം സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തെല്ലാം പ്രചരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്;

(സി) കേരള കൈത്തറി വസ്ത്രങ്ങളുടെ പ്രചാരണം, പരിശീലനം, പഠനം എന്നീ പദ്ധതിയിൽ 220 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം കൈത്തറി വസ്ത്രങ്ങളുടെ പ്രചാരണത്തിനായി ഓണത്തോടനുബന്ധിച്ചും മറ്റ് വിശേഷദിനങ്ങളിലും ടിവി ചാനലുകളിലും, എഫ്.എം റേഡിയോയിലും, മറ്റ് വാർത്താ മാധ്യമങ്ങളിലും 35 സെക്കന്റ് ദൈർഘ്യമുള്ള കൈത്തറിയുടെ പരസ്യം സംപ്രേക്ഷണം ചെയ്യുന്നുണ്ട്. അതുപോലെ പത്രം, ആഴ്ചപ്പതിപ്പുകൾ, മാസികകൾ, പ്രത്യേക പതിപ്പുകൾ എന്നിവയിലൂടെയും കൈത്തറിയുടെ പരസ്യം നൽകി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിലെ പ്രധാന പാതയോരങ്ങളിലുമായി കൈത്തറിയുടെ പരസ്യം ഉൾക്കൊള്ളുന്ന ഹോർഡിംഗുകൾ സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയെ കുറിച്ചും നിരവധി തവണ പ്രധാന പത്രങ്ങളിലും വാർത്തകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സ്കൂൾ കുട്ടികൾക്കിടയിലും കൈത്തറിയുടെ മഹത്വം വിളിച്ചോതുന്നതിനായി സ്കൂളുകളിൽ

പെയിന്റിംഗ് മത്സരങ്ങളും, കോളേജുകളിൽ കൈത്തറി വസ്ത്രങ്ങളുടെ എക്സിബിഷനുകളും, സെമിനാറുകളും, ഫാഷൻ ഷോകളും സംഘടിപ്പിക്കുകയും ചെയ്യുന്നതിലൂടെ കൈത്തറി വസ്ത്രങ്ങളുടെ പ്രചരണങ്ങൾ നടത്തി വരുന്നുണ്ട്. കൈത്തറി സ്കൂൾ യൂണിഫോം സംബന്ധിച്ച് ഒരു ഡോക്യുമെന്ററിയും തയ്യാറാക്കി വരുന്നു.

(ഡി) കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി) കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങളും സ്ഥിരവരുമാനവും ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം, കൂടുതൽ ആളുകളെ കൈത്തറി മേഖലയിലേക്ക് കൊണ്ടുവരാനും, നെയ്ത്തുകാരെ ഈ മേഖലയിൽ നിലനിർത്താനും സാധിച്ചിട്ടുണ്ട്.

കൈത്തറി മേഖലയിലേക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉല്പാദനയൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് കൈത്തറി മേഖലയിലെ സ്വയം തൊഴിൽ സഹായ പദ്ധതി. ഈ പദ്ധതി പ്രകാരം ഈ മേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജി, പോളിടെക്നിക്കുകൾ, വി.എച്ച്.എസ്.ഇ എന്നിവിടങ്ങളിൽ നിന്നും ടെക്സ്റ്റൈൽ ടെക്നോളജിയിൽ സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ളവരോ നെയ്ത്തിൽ പരിചയസമ്പന്നരോ ആയ സംരംഭകർക്ക് പുതിയ സംരംഭം ആരംഭിക്കുന്നതിന് കൈത്തറി മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്വയം തൊഴിൽ സഹായ പദ്ധതി. ഈ പദ്ധതി പ്രകാരം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**